ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ: 0471-2445749, 2445799
e-mail: dddtvm@gmail.com

നം. സി1/13182/2017 തീയതി : 31/08/2017

## സർക്കുലർ നമ്പർ 23/2017

വിഷയം:- ക്ഷീരവികസന വകുപ്പ് -പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് ക്ഷാമബത്ത തിരുത്തൽ വരുത്തിയത് - സംബന്ധിച്ച്.

സൂചന:-

1. 14/01/2016-ലെ സ.ഉ.(പി) നമ്പർ 2/2016/കൃഷി നമ്പർ സർക്കാർ ഉത്തരവ്.
2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 03/10/2016 ലെ 17/2016 നമ്പർ സർക്കുലർ
3. 19/01/2017 -ലെ സ.ഉ.(പി) നമ്പർ 06/2017/ഫിൻ നമ്പർ ഉത്തരവ്
4. 26/04/2017 -ലെ സ.ഉ.(പി) നമ്പർ 55/2017/ഫിൻ നമ്പർ ഉത്തരവ്.
5. ഈ ഓഫീസിലെ 17/08/2017 -ലെ ഇതേ നമ്പർ സർക്കുലർ

പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് ഏകീകൃത സ്റ്റാഫ്പാറ്റേണും, സേവന വേതന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് ഒന്നാം സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ക്ഷാമബത്ത സംബന്ധിച്ചുള്ള ഖണ്ഡിക 12 പ്രകാരം 01/07/2014 ന ശേഷം പുതുക്കിയ നിരക്കിലുള്ള ക്ഷാമബത്ത കേരള സർക്കാർ പ്രഖ്യാപിക്കുന്നമുറയ്ക്ക്, അതേ നിരക്കിൽ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ക്ഷീരസഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരം ക്ഷാമബത്ത ലഭിക്കുന്നതിന് അർഹതയുണ്ട് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതു പ്രകാരം 01/01/2016 തീയതി വരെയുള്ള ക്ഷാമബത്ത വർദ്ധനവ് നൽകുന്നതിന് രണ്ടാം സൂചന പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

സൂചന 3,4 എന്നിവ പ്രകാരം സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിലവിലുള്ളതിനേക്കാൾ 01/07/2016, 01/01/2017 എന്നീ തീയതികളിലായി യഥാക്രമം 2%, 2%, വീതം വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷീരസംഘം ജീവനക്കാർക്കുകൂടി ഇതേ കാലയളവിൽ ഇതേ നിരക്കിൽ ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകുന്നതിന് സൂചന (5) പ്രകാരം അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആയതിൽ പിശകുപറ്റിയതിനാൽ 01/07/2016, 01/01/2017 എന്നീ തീയതികളിൽ യഥാക്രമം 3%, 2% വീതം വർദ്ധനവ് വരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചുകൊണ്ടും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാർഷിക കച്ചവട ലാഭത്തിന്റെ 70 ശതമാനത്തിൽ അധികരിക്കില്ല എന്ന് ഉറപ്പാക്കി ഭരണസമിതി, ക്ഷാമബത്ത അനുവദിച്ച നൽകേണ്ടതാണ്. ക്ഷാമബത്ത

പുതുക്കുമ്പോൾ മാത്രമേ ഭരണസമിതിയുടെ അനുമതി ആവശ്യമുള്ളൂ. ഓരോ മാസവും പുതുക്കിയ നിരക്കിൽ ക്ഷാമബത്ത നൽകുന്നതിന് ഭരണസമിതിയുടെ പ്രത്യേക അനുമതി ആവശ്യമില്ലാത്തതും ആണ്.

ക്ഷീരസഹകരണ സംഘം രജിസ്ട്രാർ/
ഡയറക്ടർ

എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും
(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

പകർപ്പ്:-

1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2. എല്ലാ ക്ഷീരവികസന ഓഫീസർമാർക്കും(ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
3. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
4. സി/ജി സൂപ്രണ്ടുമാർക്ക്
5. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സി2, സി3,ജി1, ജി2 സീറ്റുകൾക്ക്
7. സ്റ്റോക്ക് ഫയൽ

DMR.31.08.17